# AMRUT (അമൃത്)

## അടൽ മിഷൻ ഫോർ റിജ്യുവനേഷൻ & അർബൻ ട്രാൻസ്ഫർമേഷൻ

നഗരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത്. കേരളത്തിൽ 9 നഗരങ്ങളിലാണ് (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) ടി പദ്ധതി അനുവദിച്ചിട്ടുള്ളത്. 587.48 കോടി രൂപയാണ് 9 നഗരങ്ങളുടെ വികസനത്തിനായി അനുവദിച്ച തുക. **കുടിവെള്ളവിതരണം(വാട്ടർ സപ്ലൈ), മലിനജല സംസ്കരണം (സിവറേജ്), ഓടകളുടെ നിർമ്മാണം (സ്റ്റോം വാട്ടർ ഡ്രെയിനേജ്), നഗരഗതാഗതം (അർബൻ ട്രാൻസ്പോർട്ട്), പാർക്കുകളുടെ നിർമ്മാണവും നവീകരണവും (ഗ്രീൻ സ്പെയ്സ് & പാർക്ക്) എന്നീ 5 ഘടകങ്ങളാണ്** ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യശേഷി വർദ്ധിപ്പിക്കുക, പദ്ധതിരേഖയിലെ 11 ഭരണപരിഷ്ക്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും അമൃത് പദ്ധതി വഴി കൈവരിക്കേണ്ടതാണ്. 5 വർഷമാണ് പദ്ധതിയുടെ കാലാവധി. കെ.എസ്.യു.ഡി.പി ( കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്) യാണ് ടി പദ്ധതിയുടെ കേരളത്തിന്റെ നോഡൽ ഏജൻസി.

5 ഘടകങ്ങളിലായി തിരു.നഗരസഭയ്ക്ക് ആദ്യ ഘട്ടമെന്ന നിലയിൽ 103.73 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നല്കി. പദ്ധതിയുടെ 50% കേന്ദ്രവിഹിതവും 30% സംസ്ഥാനവിഹിതവും 20% നഗരസഭാ വിഹിതവുമാണ്. ഘടകം തിരിച്ച് അനുവദിച്ച തുക താഴെപ്പറയുന്നു.

| | | |
|---|---|---|
| വാട്ടർ സപ്ലൈ | - | 45 കോടി |
| സിവറേജ് | - | 33.65 കോടി |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | - | 17.98 കോടി |
| അർബൻ ട്രാൻസ്പോർട്ട് | - | 6.50 കോടി |
| ഗ്രീൻ സ്പെയ്സ് & പാർക്ക് | - | 0.60 കോടി |
| **ആകെ** | - | **103.73 കോടി** |

ആയതിൽ 6.63 കോടി രൂപയുടെ പദ്ധതിയാണ് ഈ സാമ്പത്തിക വർഷം (2015-16) ചെലവഴിക്കാനായി സമർപ്പിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിന് സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി State Level High Powered Steering Committee രൂപീകരിച്ചിട്ടുണ്ട്. നഗരസഭ തലത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ബഹു.മേയറിനെ ചെയർമാനാക്കി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങളിലൂടെ നഗരത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാകുന്നതിന് മറ്റു പദ്ധതികളുമായി (ഉദാ: Swacch Bharat, NULM, PMAY, NHM, Tourism) സംയോജിപ്പിച്ച് പൗരന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കാവുന്നതാണ്.

ടി പദ്ധതിക്കായി ഒരു സാങ്കേതിക സെൽ നഗരസഭാ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.